# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാളികാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 06/1251/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/09/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാളികാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 06/1251/2021 തീയ്യതി: 16/09/2021

## മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-11-2019 മുതൽ 11-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 26-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 26-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി പി അബ്ദുൾ ജലീൽ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ടി മുഹമ്മദ് സലീം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ടി രാമകൃഷ്ണൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ടി ടി അമീൻഫൈസർ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. എം സുജാത,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സൈതാലി നീലേങ്ങാടൻ | പ്രസിഡന്റ് | 01-04-2020 | 28-07-2020 |
| ശ്രീ. അബ്ദുൾനാസർ വിളപൊയിൽ | പ്രസിഡന്റ് | 29-07-2020 | 29-12-2020 |
| ശ്രീ.ഗോപി താളികുഴിയിൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനൂപ് മോഹൻ | സെക്രട്ടറി | 01-04-2020 | 14-03-2021 |
| ശ്രീ.അബ്ദുൾഷുക്കൂർ കെ | സെക്രട്ടറി (ഇൻ-ചാർജ്) | 15-03-2021 | 31-03-2021 |
| ശ്രീമതി.ഷാബാസ് ബീഗം | കൃഷി ഓഫീസർ(ഇൻ ചാർജ്) | 01-04-2020 | 15-06-2020 |
| ശ്രീമതി.ലനീഷ എം | കൃഷി ഓഫീസർ | 16-06-2020 | 31-03-2021 |
| ഡോ.മനോജ് കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.ലീന കേശവൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ദിവ്യ ജി എൻ | ഡയറി എക്സറ്റെൻഷൻ ഓഫീസർ | 01-04-2020 | 31-05-2020 |
| ശ്രീമതി സജിത ടി വി | ഡയറി എക്സറ്റെൻഷൻ ഓഫീസർ | 01-06-2020 | 31-03-2021 |
| ശ്രീ.നൗഫൽ പി | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. ബബിത തോമസ് | ലേഡി വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീ.ഷിജുകുമാർ എസ് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സഫിയ കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.റസിയ സി എച്ച് | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ഡോ.ജസീല വളപ്പിൽ | മെഡിക്കൽ ഓഫീസർ ( PHC) | 01-04-2020 | 31-03-2021 |
| ശ്രീ.അജിത് കുമാർ | അസി. സെക്രട്ടറി | 01-04-2020 | 19-10-2020 |
| ശ്രീമതി.ലസിത എസ് | അസി. സെക്രട്ടറി | 20-10-2020 | 03-03-2021 |
| ശ്രീ.അബ്ദുൾഷുക്കൂർ കെ | അസി. സെക്രട്ടറി | 04-03-2020 | 31-03-2021 |

ശ്രീ.അജിത് കുമാർ അസി. സെക്രട്ടറി 24.08.2020 മുതൽ 19.10.2020 വരെ ലീവിലായിരുന്നു.

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 19-07-2021)<br>Last Updated By: Sujatha M (Auditor, On 19-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ).സി.ആർ. പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-07-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക -അപാകതകൾ<br>Written By: Ameen Faisal.T.T (Senior Grade Auditor, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-11 |
| 12 | മതിയായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താതെ കെട്ടിട നിർമ്മാണ അനുമതി നൽകി<br>Written By: Sujatha M (Auditor, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-12 |
| 13 | വസ്തു നികുതി നിർണ്ണയം- അപാകത<br>Written By: Sujatha M (Auditor, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 08-09-2021) | 1-13 |
| 14 | ദുരിന്ത നിവാരണം- അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 09-09-2021) | 1-14 |
| 15 | കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 26-07-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 26-07-2021) | 1-15 |
| 16 | ദുരിതാശ്വാസനിധി- പ്രവർത്തനം കാര്യക്ഷമമല്ല.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 26-07-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 26-07-2021) | 1-16 |
| 17 | പർച്ചേസുകളിലെ ചരക്ക് സേവന നികുതിയിന്മേൽ ടി.ഡി.എസ് ഈടാക്കിയില്ല.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 09-09-2021) | 1-17 |
| 18 | പൊതുടാപ്പുകൾ - സംയുക്തപരിശോധന നടത്തിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-07-2021) | 1-18 |
| 19 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് - ക്രമപ്രകാരമല്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-07-2021) | 1-19 |

| | | |
|---|---|---|
| 20 | അഗതിരഹിത കേരളം പദ്ധതി നിർവ്വഹണം ഫലപ്രതമല്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 09-09-2021) | 1-20 |
| 21 | അനുപൂരക പോഷകാഹാര വിതരണം - ആവശ്യമായ ഫണ്ട് വകയിരുത്തുന്നില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-21 |
| 22 | പണം നൽകി 10 മാസമായിട്ടും ഹോമിയോ മരുന്ന് ലഭ്യമായില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 26-07-2021)<br>Last Updated By: Muhammed Saleem T (Asst. Audit Officer, On 26-07-2021) | 1-22 |
| 23 | ആദായ നികുതി ടി.ഡി.എസ്. 2%/1.5% ഈടാക്കിയില്ല; നഷ്ടം 4883 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-23 |
| 24 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 09-09-2021) | 1-24 |
| 25 | അംഗനവാടിക്ക് മുകളിൽ നിർമിച്ച ഹാളിന് കോണി നിർമിച്ചില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 26-07-2021)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 26-07-2021) | 1-25 |
| 26 | മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലിൽ നിന്നും റിടെൻഷൻ കുറവ് ചെയ്യുന്നില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 26-07-2021)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 26-07-2021) | 1-26 |
| 27 | വ്യക്തിഗത ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് - മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യങ്ങൾ നൽകി<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-07-2021) | 1-27 |
| 28 | ഡെപ്പോസിറ്റ് വർക്കുകൾ - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-07-2021) | 1-28 |
| 29 | ചെലവുരേഖകൾ ലഭ്യമാക്കില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-07-2021) | 1-29 |
| 30 | മുഴുവൻ ഉപകരണങ്ങളും ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-07-2021) | 1-30 |
| 31 | ഓൺലൈൻ പഠന സഹായം - ലക്ഷ്യപ്രാപ്തിയിലെത്തിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-08-2021)<br>Last Updated By: Unni.P (Deputy Director, On 09-09-2021) | 1-31 |
| 32 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി - അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 09-09-2021) | 1-32 |
| 33 | മുഴുവൻ മരുന്നുകളും ലഭ്യമായില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 01-08-2021) | 1-33 |
| 34 | ജി എസ് ടി: ടി ഡി എസ് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-08-2021)<br>Last Updated By: Unni.P (Deputy Director, On 09-09-2021) | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 13-08-2021)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 13-08-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| | Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 03-08-2021) | |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.P.Abdul Jaleel (Audit Officer, On 03-08-2021)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 03-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 03-08-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 03-08-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 03-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 03-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 03-08-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 03-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Unni.P (Deputy Director, On 09-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Unni.P (Deputy Director, On 09-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2020-21ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1/24.03.2020 | 2/20.02.2021 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 05.07.2021 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32376745 |
| വരവ് | 114175186 |
| ആകെ | 146551931 |
| ചെലവ് | 112413290 |
| നീക്കിയിരിപ്പ് | 34138641 |

### 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 20827868 | 20827868 | 20827868 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 7650453 | 7650453 | 7087364 | 563089 | 93 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 345229 | 345229 | 148800 | 196429 | 43 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | | 0 | 6161047 | 6161047 | 6161047 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 14290000 | 14290000 | 14290000 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 16338995 | 16338995 | 12850378 | 3488617 | 79 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 0 | 8600000 | 8600000 | 6255794 | 2344206 | 73 |
| സംയുക്ത പ്രൊജക്ട് | ബ്ലോക്ക് പഞ്ചായത്ത് | 417 | 55735 | 56152 | 55735 | 417 | 100 |
| | ജില്ലാ പഞ്ചായത്ത് | 0 | 3900000 | 3900000 | 3900000 | 0 | 100 |
| ബി ഫണ്ട് | | 0 | 67351160 | 67351160 | 67351160 | 0 | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 7160892 | 15189206 | 22350098 | 16111490 | 6238608 [Redemption] | 72 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 374 | 140129371 | 299 | 96164078 | 0 | 75 | 80 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4,40,195 | 11,05,061 | 15,45,256 | 15,11,320 | 33,936 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 3,42,59,141 | 3,42,59,141 | 3,42,59,141 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2160 | 127 |
| കർഷക തൊഴിലാളി പെൻഷൻ | 26,61,100 | 178 |
| വിധവാ പെൻഷൻ | 2,46,81,900 | 1629 |
| വാർദ്ധക്യകാല പെൻഷൻ | 3,10,37,700 | 2160 |
| വികലാംഗ പെൻഷൻ | 74,11,000 | 496 |
| വിവാഹ ധനസഹായം | 5,40,000 | 18 |
| 50 വയസിനു മുകളിലുള്ള വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 10,17,300 | 69 |

## 1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരുപ്പ് 6286/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)സ.ഉ (സാധാ)നം.1485/2017 / തസ്വഭവ തി.08.05.2017 പ്രകാരം 10,000 രൂപ വീതം വാർഡ് ഒന്നിന് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കുന്നുണ്ടെങ്കിലും വാർഡുതല ശുചിത്വസമിതികൾക്ക് ഇതു സംബന്ധിച്ച് യാതൊരു നിർദ്ദേശവും നൽകികാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ പൊതുതാല്പര്യം മുൻനിർത്തി മഴക്കാലപൂർവ്വ രോഗ ശുചികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പകർച്ചവ്യാധികൾ തടയുന്നതിനും, ജനങ്ങൾക്ക് കൃത്യമായ സന്ദേശം വിവിധ ഘട്ടങ്ങളിൽ നൽകുവാനും കൂട്ടായ പ്രവർത്തനം ഉണ്ടാകേണ്ടതും, പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

2)ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. റോഡിതര ആസ്തികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3)കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല. സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും (ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല.

4)ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് സെക്രട്ടറി പാലിക്കുന്നില്ല.

5)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിന് മാത്രമാണ്. 2019-20 വർഷത്തെ പ്രോജക്ടുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

10)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം, ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്ട് സമർപ്പണ അന്തിമഘട്ടം വരെയുള്ള പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ട് പദ്ധതി പ്രവർത്തനത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കേണ്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഇടപെടലുകൾ ഫലപ്രദമല്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/02/2021 | 01/2021 | 12/02/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/09/2012 | 2007-08 മുതൽ 2011-12 വരെ | 17/12/2012 |

## 1-11 വാർഷിക ധനകാര്യ പത്രിക -അപാകതകൾ

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. MGNREGA, ICDS (Central Share), TSC, SSA എന്നിവയിൽ ബാധ്യതയായി ബുക്ക് ചെയ്തിരിക്കുന്ന ഗ്രാന്റ് തുകകളും [B4], അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും [40(B)] പൊരുത്തപ്പെടുന്നില്ല.

2. സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന ഗ്രാന്റ് ആയി നല്കിയ തുക ഉപയോഗിച്ച് റവന്യൂ ചെലവ് ചെയ്യപ്പോൾ തത്തുല്യമായ തുക Revenue Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല [MGNREGA, ICDS (Central Share), TSC, SSA].

3. തൊഴിൽ നികുതി (ട്രഡേഴ്സ്), ഡി & ഒ ലൈസൻസ് എന്നിവയിലെ മുൻ വർഷത്തെ അഡ്വാൻസ് കളക്ഷൻ തൻവർഷത്തെ ഡിമാന്റിൽ [I&E] ഉൾപ്പെടുത്തിയിട്ടില്ല.

4. വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല [തൊഴിൽ നികുതി, വസ്തു നികുതി].

5. മുൻകൂർ നല്കിയ തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല [Other Advance, Advance To Others].

6. ഓണം അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിച്ച തുക മുൻകൂറിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

7. ഡിപ്പോസിറ്റുകൾ [B7], ഹെഡുകൾ തിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

8. കാലഹരണപ്പെട്ട ഡിപ്പോസിറ്റുകൾ [B7] ബാധ്യതയിൽ നിന്നും ക്രമീകരിച്ചിട്ടില്ല.

9. ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ മൂല്യവും, ആസ്തി രജിസ്റ്ററിലെ ആസ്തികളുടെ മൂല്യവും പൊരുത്തപ്പെടുന്നില്ല.
10. വായ്പ/വായ്പ തിരിച്ചടവ് വിവരങ്ങൾ യഥാർത്ഥ കണക്കും, വാർഷിക കണക്കും തമ്മിൽ പൊരുത്തമില്ല.

## 1-12 മതിയായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താതെ കെട്ടിട നിർമ്മാണ അനുമതി നൽകി

2011 ലെ കേരള പഞ്ചാത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 38, 2019 ലെ കേരള പഞ്ചാത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 29 എന്നിവ പ്രകാരം ഓരോ കെട്ടിടത്തിനും തെരുവ് വിട്ടുള്ള പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തും തെരുവിലേക്കുള്ള മതിയായ വാഹന പ്രവേശന മാർഗ്ഗമുണ്ടായിരിക്കേണ്ടതും പാർക്കിംഗ് സ്ഥലം കൂടാതെ ഡ്രൈവ് ഏര്യ നിരകൾക്ക് മദ്ധ്യേയുള്ള പാത, വാഹനങ്ങൾ തിരിക്കാനും മറ്റും മതിയായ സ്ഥലം ഉള്ളവയായിരിക്കേണ്ടതുമാണ്. എന്നാൽ ചുവടെ ചേർത്ത കെട്ടിടങ്ങളുടെ അംഗീകരിച്ച പ്ലാനിൽ പാർക്കിംഗ് സൗകര്യം കാണിച്ചിട്ടുണ്ടെങ്കിലും വാഹനങ്ങൾ തിരിക്കാനും മറ്റും മതിയായ സ്ഥലം നൽകിയിട്ടില്ല.

| അപേക്ഷകൻ | കെട്ടിടത്തിന്റെ വിനിയോഗം/ വിസ്തീർണ്ണം | പെർമിറ്റ് വിവരം | കുറിപ്പ് |
|---|---|---|---|
| മുഹമ്മദാലി, S/O ഇബ്രാഹിം കുരിക്കൾ, പുന്നപ്പാല ഹൗസ്, മാളിയേക്കൽ | വാണിജ്യകെട്ടിടം 426.05 ച.മീ | A3-1384/2020 തി.25.05.2020 | കെട്ടിട നിർമ്മാണം പൂർത്തീകരിച്ച (438.05 ച.മീ). അധികം നിർമ്മിച്ച 12 ച.മീ ക്രമവത്കരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. (29.06.2021) |

ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താതെ കെട്ടിട നിർമ്മാണ അനുമതി നൽകിയത് ക്രമപ്രകാരമല്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 4/22.07.2021 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്തെ അതിരിനോട് ചേർന്ന് കെട്ടിട ഉടമക്കും മറ്റ രണ്ട് പേർക്കും സഞ്ചരിക്കാനുള്ള പൊതുവഴി (ഫുട്പാത്ത്) നിലവിലുണ്ടെന്നും ആയത് കൂടി പരിഗണിച്ചാൽ പ്രവേശന മാർഗ്ഗം സുഗമമാക്കാനും കെട്ടിടത്തിലേക്ക് വരുന്ന വാഹനങ്ങൾക്ക് യഥേഷ്ടം തിരിക്കുവാനും മറ്റും മതിയായ സ്ഥലം ലഭ്യമാകുന്നതാണെന്ന മറുപടി ലഭ്യമാക്കി. എന്നാൽ മേൽ ഫുട്പാത്തും പ്ലോട്ടും തമ്മിൽ മതിൽ കെട്ടി വേർതിരിച്ചിട്ടില്ലെന്നോ ഫുട്പാത്തും പ്ലോട്ടും ഒരേ നിരപ്പിലാണെന്നൊ പ്ലാനിൽ വ്യക്തമല്ല. കൂടാതെ പ്ലാനിൽ കാണിച്ച കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്തെ അതിരിനോട് ചേർന്ന 1.60 മീറ്റർ വീതിയിലുള്ള ഫുട്പാത്ത് കെട്ടിട ഉടമക്കുകൂടിയുള്ളതാണെന്നത് ഫയലിൽ നിന്ന് വ്യക്തമല്ല. പ്രാദേശിക പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതും വിശദ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-13 വസ്തു നികുതി നിർണ്ണയം- അപാകത

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 14.01.2011ലെ സ.ഉ.(അ) 19/2011/ ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം കാളികാവ് ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50രൂപ / ച.മീ.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ്. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ 100ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ വീഭജിച്ച് 100ച.മീ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളായി പരിഗണിച്ച് ചില ഉടമസ്ഥരിൽ നിന്ന് കൂടിയ നിരക്കിലും (50/ ച.മി), ചില ഉടമസ്ഥരിൽ നിന്ന് കുറഞ്ഞ നിരക്കിലും (30/ ച.മി) വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. ഇപ്രകാരം ഒരേ തരം കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചത് ക്രമപ്രകാരമല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ | വിസ്തീർണ്ണം | കെട്ടിട നമ്പർ നൽകിയ വിവരം | നികുതി നിർണ്ണയിക്കുന്നതിന് പരിഗണിച്ച നിരക്ക് |
|---|---|---|---|---|
| 1 | ഡോ.അബ്ദുൾ ലത്തീഫ് & ഡോ.ജസീന, പടിയത്ത് ബ്ലാങ്ങാചാൽ വീട് | 194 ച.മീ | VI/601-A, B, C, D, E, F, G, H, J | 100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ. |
| 2 | ഫാത്തിമ സുഹറ, പൂതംകോട്ടിൽ, കാളികാവ് | 195.11 ച.മീ | VI/ 569 A To J | 100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50രൂപ / ച.മീ. |
| 3 | മുസ്തഫ തൊണ്ടിയിൽ | 344.58 ച.മീ | XI/480 G, H J, K, L, M, N, P, Q, R, S, T, U, V, W&X | 100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ |
| 4 | കരീം എറമ്പത്ത് ഹൗസ്, കാളികാവ് | 216.83 ച.മീ | XIV/316- B, C, D, E, F, G &H | 100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50രൂപ / ച.മീ. |
| 5 | ജയശ്രീ, സേതുനിവാസ് | 235.5 ച.മീ | XI/288-A& B | 100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50രൂപ / ച.മീ. |

ഒരേ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഒരേ കാലയളവിൽ തന്നെ വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി നം. 9/22.07.2021 മറുപടി ലഭ്യമാക്കിയില്ല]

## 1-14 ദുരിത്ത നിവാരണം- അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ നടപ്പിലാക്കേണ്ടതാണ്.

പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥ വ്യതിയാനവും വെള്ളപ്പൊക്കം, വരൾച്ച, ഉരുൾപ്പൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾമൂലമുണ്ടാവുന്ന അസാധാരണ സാഹചര്യങ്ങൾ നേരിടുന്നതിനും, ദുരന്ത പ്രധിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും, GO(Ms)No.156/2019/LSGD തിയ്യതി.04/12/2019, GO(Ms)No.14/2020/LSGD തിയ്യതി.14.01.2020 പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിടിച്ചിട്ടുണ്ട്.

ഭൂമിശാസ്ത്ര പരമായി പ്രകൃതി ദുരന്ത സാധ്യത ഏറെയുള്ള കാളികാവ് ഗ്രാമ പഞ്ചായത്ത് പ്രസ്തുത സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനത്തിലെ പൊതു വിവരങ്ങളും, ദുരന്ത സാധ്യതകളും, പഞ്ചായത്തിലെ വിഭവ ശേഷിയും ദുരന്ത ലഘൂകരണ പ്രൊജക്റ്റുകളും ഉൾപ്പെടുത്തി 19.03.2020-ന് "ദുരന്ത നിവാരണ ആസൂത്രണ രേഖ" തയ്യാറാക്കിയിട്ടുണ്ട്.

പ്രകൃതി ദുരന്തമുണ്ടാവുകയാണെങ്കിൽ ആയതിന്റെ ആഘാതം കുറക്കുന്നതിനും, ദുരിതാശ്വാസ ക്യാമ്പുകൾ ആയി ഉപയോഗപ്പെടുത്താവുന്ന സ്കൂളുകൾ ഉൾപ്പടെയുള്ള പൊതു കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുൾപ്പടെയുള്ള ഏറ്റെടുക്കേണ്ട പ്രൊജക്റ്റ് നിർദ്ദേശങ്ങൾ ദുരന്ത നിവാരണ ആസൂത്രണ രേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2020-21, 2021-22 വർഷങ്ങളിലെ വാർഷിക പദ്ധതികളിലൊന്നും ഈ പ്രൊജകട്ടുകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്. പരാമർശം പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

[ഓഡിറ്റ് എൻക്വയറി 17/26.07.2021- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-15 കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കൾ 282 പ്രകാരം റവന്യൂ ഡിപ്പോസിറ്റുകൾ ഫേം പിരിയേഡ് കഴിഞ്ഞ് മൂന്ന് വർഷത്തിനകം ക്ലൈം ചെയ്യേണ്ടതും, അല്ലാത്തപക്ഷം ആയത് കാലഹരണപ്പെടുന്നതും, തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ വിവിധ ഇനങ്ങളിലായി പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതും, കാലഹരണപ്പെട്ടതുമായ റവന്യൂ ഡിപ്പോസിറ്റുകൾ സമയ ബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. ഓരോ ഹെഡിലേയും ഡിപ്പോസിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Contractors EMD | 433281 |
| 2 | Suplpliers EMD | 58261 |
| 3 | Bidders EMD | 25875 |
| 4 | Contractors SD | 14950 |
| 5 | Suplpliers SD | 116277 |
| 6 | Bidders SD | 8000 |
| 7 | Auction Deposit | 200213 |
| 8 | Other Deposits (Revenue) | 266923 |

മേൽ റവന്യൂ ഡിപ്പോസിറ്റുകളുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ 1990 മുതലുള്ള ഡിപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ലെന്ന് കാണുന്നു. ആയത് മൂലം സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ തെറ്റായ ബാധ്യതയാണ് രേഖപ്പെടുത്തുന്നത്. കാലഹരണപ്പെട്ടതുമായ റവന്യൂ ഡിപ്പോസിറ്റുകൾ സമയ ബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി 16/26.07.2021- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-16 ദുരിതാശ്വാസനിധി- പ്രവർത്തനം കാര്യക്ഷമമല്ല.

2003-ലെ കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാരാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് അടിയന്തര സഹായം നൽകുന്നതിനായി പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ആയതിൻ പ്രകാരം 28.02.2019-ലെ 2/1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. 01.01.2021- ൽ വ്യാപാരി വ്യവസായി ഏകോപന സമിതി നൽകിയ 10000/- രൂപ ഇതിനായി കാനറ ബാങ്കിൽ തുടങ്ങിയ അക്കൗണ്ടിൽ നിക്ഷേപിക്കുകയല്ലാതെ മറ്റു പ്രവർത്തികൾ ഒന്നും ചെയ്തിട്ടില്ല.

ദുരിതാശ്വാസനിധിയുടെ പ്രവർത്തനം കാര്യക്ഷമാക്കുന്നതിന് ധന സമാഹരണം നടത്തുന്നതിനും, ദുരതമനുഭവിക്കുന്നവർക്ക് സഹായം അനുവദിക്കുന്നതിനും, സബ്കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശം പഞ്ചായത്ത് ഭരണ സമിതിയുടെയും, ഇതിനായി രൂപീകരിച്ച സബ് കമ്മിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 പർച്ചേസുകളിലെ ചരക്ക് സേവന നികുതിയിന്മേൽ ടി.ഡി.എസ് ഈടാക്കിയില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ജി.എസ്.ടി.യിന്മേൽ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ വെറ്ററനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരമുള്ള വാങ്ങലുകളിന്മേൽ TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ബിൽ നമ്പർ/ തിയ്യതി | സപ്ലൈ നടത്തിയ സ്ഥാപനം | ഇൻവോയിസ് നമ്പർ | തുക |
|---|---|---|---|---|
| വനിതകൾക്ക് മുട്ട കോഴിയും കൂടും [386/21] | 1675182,83,84/ 25.07.2020 | കോട്ടക്കുന്ന് അഗ്രോ & പൗൾടി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, മലപ്പുറം | 18/18.03.2020 | 832320/- |

വാങ്ങലുകൾ നടത്തുമ്പോൾ നൽകുന്ന ജി.എസ്.ടി.യിന്മേൽ 2% TDSഈടാക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി 18/26.07.2021- മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-18 പൊതുടാപ്പുകൾ - സംയുക്തപരിശോധന നടത്തിയില്ല.

കേരള ജല അതോറിറ്റി പരിപാലിക്കുന്ന കുടിവെള്ള സ്കീമുകളിലെ പൊതുടാപ്പുകളിലൂടെയുള്ള ശുദ്ധജല വിതരണത്തിന്റെ ചെലവിനത്തിൽ മാസം തോറും 3063 രൂപ വീതം(7 ടാപ്പുകൾക്ക്) 36,756 രൂപ 2020-21 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും കേരള ജല അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. സ.ഉ (സാധാ)നം.1275 /2009/ തസ്വഭവ തി.30.05.2009 ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണ്.അപ്രകാരം സംയുക്തപരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമല്ലാത്ത ടാപ്പുകൾ,ജലം ലഭ്യമാകുന്ന ടാപ്പുകൾ എന്നിവയുടെ വിവരം ലഭ്യമാക്കേണ്ടതും,ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നൊള്ളുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. ആയതിന് പൊതുടാപ്പുകൾക്ക് മേൽ ഉത്തരവു പ്രകാരം മീറ്റർ ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചുണ്ട്.അപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.

അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം. 6/22.07.2021) സംയുക്തപരിശോധന നടത്തി വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. അപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-19 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് - ക്രമപ്രകാരമല്ല.

29-03-2017ലെ ജി.ഒ(എം.എസ്)നം.72/2017/ത.സ്വ.ഭ.വ (2017-18 പദ്ധതി മാർഗ്ഗരേഖ) ഖണ്ഡിക 12.11.1(4) പ്രകാരം ഔഷധങ്ങൾ വാങ്ങുന്നതിന് ബന്ധപ്പെട്ട ഡി.എം.ഒ.യിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമാണ്. 03-04-2017 ലെ ജി.ഒ(എം.എസ്)നം.80/ 2017/ ത.സ്വ.ഭ.വ (2017-18 സബ്സിഡി മാർഗ്ഗരേഖ) ഖണ്ഡിക 12.4 പ്രകാരം ആരോഗ്യ വകുപ്പ് കേന്ദ്രീകൃത വാങ്ങൽ നടപടികളിലൂടെ ലഭ്യമാക്കിയ മരുന്നുകൾ സ്ഥാപനങ്ങൾക്ക് അപര്യാപ്തമാണെങ്കിൽ മാത്രമാണ് ചുമതലയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനം മരുന്നുകൾ വാങ്ങി നൽകി ആരോഗ്യ സ്ഥാപനത്തിന്റെ മരുന്ന് വിതരണത്തിലെ കാര്യക്ഷമത ഉറപ്പാക്കേണ്ടത്. ഇപ്രകാരം മരുന്ന് വിതരണത്തിലെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് ആരോഗ്യ വകുപ്പിൽ നിന്ന് മതിയായ മരുന്ന് തൻവർഷം ലഭ്യമായിട്ടില്ലെന്ന് ബന്ധപ്പെട്ട ഡി.എം.ഒ. സാക്ഷ്യപ്പെടുത്തിയ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമാണ്. മാർഗ്ഗരേഖ പ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഡി.എം.ഒ. ഇഷ്യൂ ചെയ്യുന്നതിന് പ്രയാസം നേരിടുന്നുവെന്ന് നിരീക്ഷിച്ച് സർക്കാർ ഉത്തരവ് (ആരോഗ്യ കുടുംബക്ഷേമ വകുപ്പ്) പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കെ.എം.എസ്.സി.എൽ നിന്ന് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്നതിനും ഡി.എം.ഒ. കൗണ്ടർസൈൻ ചെയ്ത് നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ, കാളികാവ് സി എച്ച് സിയിൽ നിന്നും പ്രോജക്റ്റ് നം. 44/21 (വിനിയോഗിച്ച തുക -1,50,000രൂപ ,ബിൽ നം. 9/19-20/24.10.2019) പ്രകാരം അലോപ്പതി ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ പദ്ധതി പ്രകാരം ലഭ്യമാക്കിയ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഡി.എം.ഒ. കൗണ്ടർസൈൻ ചെയ്തിട്ടില്ല. മേൽ അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 8/22.07.2021)മറുപടിയിൽ ഡി എം ഒ കൗണ്ടർസൈൻ ചെയ്തിട്ടുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റാണ് ലഭ്യമാക്കുന്നത് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-20 അഗതിരഹിത കേരളം പദ്ധതി നിർവ്വഹണം ഫലപ്രദമല്ല.

2018-19 മുതൽ 2020-21 കൂടിയ വർഷങ്ങളിലായി നടപ്പിലാക്കേണ്ട കാളികാവ് ഗ്രാമപഞ്ചായത്തിന്റെ അഗതിരഹിത കേരളം പ്രൊജക്റ്റിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.3.2019 ലെ KS/L/7292/18 ഉത്തരവ് പ്രകാരമാണ് അനുമതി ലഭ്യമായത്. ചലഞ്ച് ഫണ്ട് 2220000 രൂപയും വികസനഫണ്ട് 2750000 രൂപയും ഇതരഫണ്ടുകൾ (ലൈഫ് മിഷൻ ) 3200000 രൂപയുമടക്കം ആകെ 8170000 രൂപയാണ് അടങ്കൽ. ചലഞ്ച് ഫണ്ടിന്റെ ഒന്നാംഗഡു 740000 രൂപയിൽ ആശ്രയ പദ്ധതിയിൽ അവശേഷിക്കുന്ന 84246 രൂപ കഴിച്ച് 655754 രൂപ ഈ അനുമതി ഉത്തരവിനോടൊപ്പംതന്നെ ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകുന്നുണ്ട്. 2018-19 മുതൽ 2020-21 ഉൾപ്പെടെ ഈ പ്രൊജക്റ്റിന്റെ നടത്തിപ്പിനു ലഭ്യമായ തുകയുടെയും ആയതിന്റെ വിനിയോഗത്തിന്റെയും സംക്ഷിപ്തം താഴെ ചേർക്കുന്നു.

| ലഭ്യമായ ഫണ്ട്. | |
|---|---|
| ആശ്രയയിലെ ബാലൻസ് തുക (12.07.2019) | 1326375 |
| വികസനഫണ്ട്. 2019-20 | 315000 |
| ചലഞ്ച് ഫണ്ട് (2020-21 ൽ ലഭിച്ചത്) | 655754 |
| വികസനഫണ്ട് (2020-21) | 100000 |
| ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ പലിശ | 66868 |
| ആക | 2463997 |

| പ്രൊജക്റ്റിൽ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ | | | |
|---|---|---|---|
| ഇനം | വർഷം | വകയിരുത്തിയത് | ചെലവഴിച്ചത് |
| ഭക്ഷണം | 2018-19 | 651600 | 0 |
| | 2019-20 | 651600 | 158548 |
| | 2020-21 | 651600 | 211943 |
| ചികിത്സ | 2018-19 | 11000 | 00 |
| | 2019-20 | 11000 | 00 |
| | 2020-21 | 11000 | 00 |
| വിദ്യാഭ്യാസം | 2018-19 | 74250 | 00 |
| | 2019-20 | 74250 | 43132 |
| | 2020-21 | 74250 | |
| വീട് റിപ്പയർ | 2018-19 | 950000 | 0 |
| | 2019-20 | 1800000 | 475000 |
| | 2020-21 | 0 | 200000 |

പ്രൊജക്റ്റിന്റെ നിർവ്വഹണം വിലയിരുത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ കണ്ടെത്താവുന്നതാണ്.

1. ഭക്ഷണം , ചികിത്സ , വിദ്യാഭ്യാസം, വീട് റിപ്പയർ എന്നിവക്ക് വേണ്ടി വകയിരുത്തിയ 4960550 രൂപയിൽ 1088623 രൂപ (22%) മാത്രമാണ് പ്രൊജക്റ്റ് കാലയളവിൽ ചെലവഴിച്ചത്.

2. അഗതിരഹിത കേരളം അക്കൗണ്ടിൽ ഈ കാലയളവിൽ ആകെ ലഭ്യമായ 2463997 രൂപയുടെ 41 % മാത്രമാണ് ചെലവഴിച്ചത്.

3. അക്കൗണ്ടിൽ 31.03.2021 ൽ 1265577 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

4. വീട് റിപ്പയറിനു ആകെ 55 ഗുണഭോക്താക്കൾ ഉള്ളതിൽ 14 പേർക്ക് മാത്രമാണ് ധനസഹായം നൽകിയത്. ഇവർ എല്ലാവരും 2019-20 ൽ കരാർ വെച്ചവരാണ്. 2020-21 ൽ വീട് റിപ്പയറിനു ഒരു ഗുണഭോക്താവിനെയും പരിഗണിച്ചില്ല.

5. ലഭ്യമായ ചലഞ്ച് ഫണ്ടിന്റെ 80 % ചെലവഴിച്ചാൽ മാത്രമേ തുടർന്നുള്ള ഗഡുക്കൾ ലഭിക്കൂ എന്നാണ് വ്യവസ്ഥ. ചെലവ് പുരോഗതി നേടാനാകാത്തിനാൽ ആദ്യ ഗഡുവിനു ശേഷമുള്ള ഗഡുക്കൾ ലഭ്യമായില്ല.

6. ഒരു അംഗമുള്ള കുടുംബത്തിനു പ്രതിമാസം 500 രൂപയും രണ്ട് അംഗങ്ങൾ ഉള്ള കുടുംബത്തിനു പ്രതിമാസം 700 രൂപയും രണ്ടിൽ കൂടുതൽ അംഗങ്ങൾ ഉള്ള കുടുംബത്തിനു പ്രതിമാസം 900 രൂപയും പോഷകാഹാരക്കിറ്റ് നൽകുന്നതിനു ചെലവഴിക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ ഫണ്ട് ലഭ്യമായിട്ടും പ്രാതിമാസം യഥാക്രമം 300,400, 500 രൂപ എന്നിങ്ങനെയാണ് പണം ചെലവഴിച്ചിട്ടുള്ളത്.

7. അഗതി കുടുംബങ്ങളിൽ 12 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായത്തിനു അർഹരാണ്. എന്നാൽ 3 ഗുണഭോക്താക്കൾക്ക് മാത്രമാണ് (ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ) ധനസഹായം നൽകിയിട്ടുള്ളത്.

പദ്ധതിയുടെ പുരോഗതി ആശാവഹമല്ല. ആയതിനു പ്രത്യേക കാരണങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയമറുപടിയിൽ താഴെ പറയുന്ന കാര്യങ്ങൾ അറിയിച്ചു.

1. 2018-19 മാർച്ച് മാസത്തിൽ മാത്രമാണ് പ്രൊജക്റ്റിനു അംഗീകാരം ലഭിച്ചത് എന്നതിനാൽ 2018-19 ൽ തുകയൊന്നും ചെലവഴിക്കാൻ ആയില്ല.
2. അഗതിരഹിത കേരളം പദ്ധതിയിൽ നൽകുന്ന ഭക്ഷ്യവസ്തുക്കളും സർക്കാർ നൽകുന്ന ഫ്രീ കിറ്റ് പ്രകാരമുള്ള വസ്തുക്കളും ഒരേ ഇനങ്ങളായതിനാൽ ഭക്ഷ്യ വസ്തുക്കൾ പാഴാകുന്നതിനു ഇടയാകുന്നു.
3. വീട് റിപ്പയർ പ്രവൃത്തി ലിസ്റ്റിൽ ഉൾപ്പെട്ട പലരും അനർഹരോ ആനുകൂല്യം കൈപറ്റി വീട് റിപ്പയർ ചെയ്യുന്നതിനു വിമുഖരോ ആണ്.
ഈ മറുപടിയിൽ നിന്നു വ്യക്തമാകുന്നത് ശരിക്കും അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്താതെയോ ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ

ആവശ്യങ്ങൾ ശരിക്കും വിലയിരുത്താതെയോ ആണ് പ്രൊജക്റ്റ് തയ്യാറാക്കിയത് എന്നാണ്.

പ്രൊജക്റ്റ് ഫണ്ടിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക സർക്കാർ നിർദ്ദേശം പാലിച്ച് മാത്രം ചെലവഴിക്കേണ്ടതാണ്.

## 1-21 അനുപൂരക പോഷകാഹാര വിതരണം - ആവശ്യമായ ഫണ്ട് വകയിരുത്തുന്നില്ല.

അനുപൂരകപോഷകാഹാര വിതരണം പദ്ധതിക്ക് വകയിരുത്തുന്ന അടങ്കൽ പ്രൊജക്റ്റ് നിർവ്വഹണത്തിനു മതിയാകുന്നില്ല. 2019-20, 2020-21 വർഷങ്ങളിലെ ഫണ്ട് ആവശ്യകത സംബന്ധിച്ച് എെസിഡിഎസ് സൂപ്പർവൈസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഈ രണ്ട് വർഷങ്ങളിലും പോഷകാഹാരവിതരണ പ്രൊജക്റ്റുകളിൽ മതിയായ തുക വകയിരുത്താത്തതിനാൽ അതാത് വർഷങ്ങളിലേക്ക് വാങ്ങിയ ഭക്ഷ്യ വസ്തുക്കളുടെ വില തൻവർഷം നൽകാനായില്ല എന്ന് വ്യക്തമാകുന്നു. അനുപൂരക പോഷകാഹാര വിതരണം (ജനറൽ), (എസ്.സി) എന്നീ രണ്ട് പ്രൊജക്റ്റുകളിലും കൂടി ഈ വർഷങ്ങളിലെ അടങ്കൽ / ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 2019-20 | 2020-21 |
|---|---|---|
| വകയിരുത്തിയ തുക | 4500000 | 4800000 |
| ഇൻവോയിസുകൾ പ്രകാരം തൻവർഷം വാങ്ങിയ ഭക്ഷ്യ വസ്തുക്കളുടെ വില. | 5208763 | 5976883 |
| ഭക്ഷ്യ വസ്തുക്കളുടെ വിലയിൽ തൻവർഷം നൽകിയ തുക | 4500000 | 4800000 |
| ബാലൻസ് | 708763 | 1176883 |

വാങ്ങിയ ഭക്ഷ്യസാധനങ്ങളുടെ വില നൽകാൻ പ്രൊജക്റ്റ് വകയിരുത്തൽ ഇല്ലാത്തപ്പോഴും ഗ്രാമപഞ്ചായത്തിനു ലഭിച്ച ICDS കേന്ദ്ര വിഹിതത്തിൽ പണം ചെലവഴിക്കാതെ കിടക്കുന്നതായി വാർഷിക ധനകാര്യ പത്രികയിൽനിന്ന് വ്യക്തമാകുന്നു. ആയതിന്റെ കണക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | 2019-20 | 2020-21 |
|---|---|---|
| മുന്നിരിപ്പ് | 2127197 | 3437679 |
| തൻവർഷ വരവ് | 1748231 | 2005163 |
| ചെലവ് | 437749 | 1000000 |
| ബാക്കി | 3437679 | 4442842 |

പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ ഫണ്ടിന്റെ ആവശ്യകത വിലയിരുത്തുന്നത്, സാമൂഹ്യനീതി വക്കിംഗ് ഗ്രൂപ്പും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രൊജക്റ്റ് രൂപീകരണ നിർവ്വഹണ ഘട്ടങ്ങളിൽ ഇക്കാര്യങ്ങൾ പരിശോധിക്കാറുണ്ടോ, അടങ്കൽ പരിഗണിക്കാതെ പർച്ചേസ് നടത്തുന്നതിന് അടിയന്തിര സാഹചര്യം ഉണ്ടായിരുന്നതായി ICDS സൂപ്പർവൈസർ റിപ്പോർട്ട് ചെയ്തിരുന്നോ തുടങ്ങിയ സംബന്ധിച്ച് വിവരം രേഖാമൂലം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കുകയുണ്ടായില്ല. കൃത്യമായ വിശദീകരണം റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-22 പണം നൽകി 10 മാസമായിട്ടും ഹോമിയോ മരുന്ന് ലഭ്യമായില്ല.

2020-21 വർഷം റോഡിതര സംരക്ഷണ ഗ്രാന്റ് 1 ലക്ഷം രൂപ വകയിരുത്തിയ 33/21 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്റ്റിൽ പണം നൽകി 10 മാസമായിട്ടും ഇത് വരെ വളരെ ചെറിയ തുകക്കുള്ള മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. കേരള സ്റ്റേറ്റ് ഹോമിയോ കോപ്പറേറ്റീവ് ഫാർമസിക്ക് ബിൽ നമ്പർ 1/20-21 പ്രകാരം 20.10.20 നു തുക നൽകിയെങ്കിലും ഇൻവോയിസ് നമ്പർ 309/22.05.21 പ്രകാരം 4890 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന തുകക്കുള്ള മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്.

## 1-23 ആദായ നികുതി ടി.ഡി.എസ്. 2%/1.5% ഈടാക്കിയില്ല; നഷ്ടം 4883 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

ആദായ നികുതി ആക്റ്റ് 194 സി. പ്രകാരം വ്യക്തിയല്ലാത്ത കോൺട്രാക്റ്റർമാരിൽ നിന്നും 2% ( 14-5-2020 മുതൽ 31-3-2021 വരെ 1.5%) ആദായ നികുതി ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ പി ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽൽ നിന്നും അപ്രകാരം ആദായ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

1) ചെറൂത്ത് കൈതമണ്ണ റോഡ് കോൺക്രീറ്റ്. 164/21

| പ്രൊജക്റ്റ് വിശദാംശം | മൂല്യനിർണ്ണയ തുക | ബിൽ നമ്പർ | ആദായ നികുതി ഈടാക്കേണ്ടത്. | കുറവ് |
|---|---|---|---|---|
| എസ്റ്റിമേറ്റ് 250000 (CFC ഫണ്ട്)<br>അളവ് പുസ്തകം: 83/20-21<br>കരാർ: AE/LSGD/KKV/55/20-21/18-9-20 | മൂല്യനിർണ്ണയം 223076<br>(+) 12% GST 26769<br>ആകെ 249845<br>(-) IT 0.75% 1673<br>(-) WF 1% 2231 | 153/20-21/8-3-21 | 3346 | 1673 |

| | | | | |
|---|---|---|---|---|
| | CGST 1% 2231<br>SGST 1% 2231<br>കരാറുകാരന് 241479 | | | |

2) പേവുന്തറ കഴിപറമ്പൻപടി റോഡ് കോൺക്രീറ്റ്. 112/21

| പ്രൊജക്റ്റ് വിശദാംശം | മൂല്യനിർണ്ണയ തുക | ബിൽ നമ്പർ | ആദായ നികുതി ഈടാക്കേണ്ടത്. | കുറവ് |
|---|---|---|---|---|
| എസ്റ്റിമേറ്റ് 170000 (CFC ഫണ്ട്)<br>അളവ് പുസ്തകം: 79/20-21<br>കരാർ: AE/LSGD/KKV/56/20-21/18-9-20 | മൂല്യനിർണ്ണയം 141615<br>(+) 12% GST 16994<br>ആകെ 158609<br>(-) IT 0.75% 1062<br>(-) WF 1% 1416<br>CGST 1% 1416<br>SGST 1% 1416<br>കരാറുകാരന് 153293 | 142/20-21/8-3-21 | 2124 | 1062 |

3) തണ്ട്കോട് അംഗനവാടി കുടിവെള്ള കിണർ റിപ്പയർ 294/20, 372/21

| പ്രൊജക്റ്റ് വിശദാംശം | മൂല്യനിർണ്ണയ തുക | ബിൽ നമ്പർ | ആദായ നികുതി ഈടാക്കേണ്ടത്. | കുറവ് |
|---|---|---|---|---|
| എസ്റ്റിമേറ്റ് 100000 (CFC ഫണ്ട്)<br>അളവ് പുസ്തകം: 136/20-21<br>കരാർ: AE/LSGD/KKV/134/20-21/27-3-20 | മൂല്യനിർണ്ണയം 76435<br>(+) 12% GST 9172<br>ആകെ 85607<br>(-) IT 0.75% 573<br>(-) WF 1% 764<br>CGST 1% 764<br>SGST 1% 764<br>കരാറുകാരന് 78920 | 190/20-21/30-3-21 | 1147 | 574 |

4) ചേരിപ്പലം വട്ടമുണ്ടക്കുളം മദ്രസ റോഡ് റിപ്പയർ 299/20, 328/21

| പ്രൊജക്റ്റ് വിശദാംശം | മൂല്യനിർണ്ണയ തുക | ബിൽ നമ്പർ | ആദായ നികുതി ഈടാക്കേണ്ടത്. | കുറവ് |
|---|---|---|---|---|
| എസ്റ്റിമേറ്റ് 167824 (CFC ഫണ്ട്)<br>അളവ് പുസ്തകം: 120/19-20<br>കരാർ: AE/LSGD/KKV/131/19-20/5-3-20 | മൂല്യനിർണ്ണയം 114281<br>(+) 12% GST 13714<br>ആകെ 127995<br>(-) IT 1 % 1143<br>(-) WF 1 % 1143<br>CGST 1 % 1143<br>SGST 1 % 1143 | 89/20-21/12-11-20 | 1714 | 571 |

| | | | | |
|---|---|---|---|---|
| | കരാറുകാരന് 123423 | | | |

5) പൂറ്റമണ്ണ മദ്രസപ്പടി റോഡ് 168/21

| പ്രൊജക്റ്റ് വിശദാംശം | മൂല്യനിർണ്ണയ തുക | ബിൽ നമ്പർ | ആദായ നികുതി ഈടാക്കേണ്ടത്. | കുറവ് |
|---|---|---|---|---|
| എസ്റ്റിമേറ്റ് 150000 (CFC ഫണ്ട്)<br>അളവ് പുസ്തകം: 120/19-20<br>കരാർ: AE/LSGD/KKV/131/19-20/5-3-20 | മൂല്യനിർണ്ണയം 133813<br>(+) 12% GST 16057<br>ആകെ 149870<br>(-) IT 0.75 % 1004<br>(-) WF 1 % 1338<br>CGST 1 % 1338<br>SGST 1 % 1338<br>കരാറുകാരന് 144852 | 152/20-21/8-3-21 | 2007 | 1003 |

ടി.ഡി.എസ്. നിശ്ചിത നിരക്കിൽ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 19/26-7-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 4883 രൂപ സ്ഥാപനത്തിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അടവാക്കേണ്ടതും അക്കാര്യം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/Lതസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

1) ചാഴിയോട് AMLPS കമ്മ്യൂണിറ്റി ലാടിൻ 65/21

അടങ്കൽ: 723360 രൂപ (CFC ഫണ്ട്)

കൺവീനർ: ശ്രീമതി റഹ്മത്ത് പി, (H M)

കരാർ: 07/20-21/3-7-20

അളവ് പുസ്തകം: 112/20-21

ചെലവ്: 716877രൂപ (ബിൽ നംപർ 181/20-21/29-3-21)

<u>നൽകിയ തുക:</u>

| | |
|---|---|
| മൂല്യനിർണ്ണയം | 640069 രൂപ |
| (+) GST Provision 12%: | 76808 |
| ആകെ | 716877 |
| (-) IT 0.75% | 4801 |
| (-) WF 1% | 6401 |
| (-) CGST 1% | 6401 |
| (-) SGST 1% | 6401 |
| കൺവീനർക്ക്: | 692873 |

<u>നൽകാവുന്ന തുക:</u>

| | |
|---|---|
| മൂല്യനിർണ്ണയം | 640069 രൂപ |
| (-) OH 5% | 32003 |
| ബാക്കി | 608066 |
| (+) GST Provision 12% | 72968 |
| ആകെ | 681034 |
| (-) IT 1.5% | 9121 |
| (-) WF 1% | 6081 |
| (-) CGST 1% | 6081 |
| (-) SGST 1% | 6081 |
| കൺവീനർക്ക് നൽകാവുന്ന തുക | 653670 |
| കൺവീനർക്ക് നൽകിയ തുക | 692873 |
| അധികം നൽകിയ തുക | 39203 രൂപ |

അധികം നൽകിയ 39203 രൂപ കൺവീനറിൽ നിന്നീടാക്കി അതാത് ഫണ്ടിൽ അടവാക്കേണ്ടതൊണെന്നാവശ്യപ്പെട്ട് നൽകിയ 20/26-7-21 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 39203 രൂപ കൺവീനറിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-25 അംഗനവാടിക്ക് മുകളിൽ നിർമിച്ച ഹാളിന് കോണി നിർമിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തി: അമ്പലക്കുന്ന് അംഗനവാടി റിപ്പയർ 97/21

| | |
|---|---|
| അടങ്കൽ: | 150000 രൂപ (MGNR ഫണ്ട്) |
| കരാറുകാരൻ: | ശ്രീ അക്ബർ |
| കരാർ: | 64/20-21/1-10-20 |
| അളവ് പുസ്തകം: | 135/20-21 |
| ചെലവ്: | 149950രൂപ (ബിൽ നംപർ 183/20-21/29-3-21) |
| സാങ്കേതികാനുമതി: | 63396/2020-21 |
| ഭരണാനുമതി: | 2(1)/19-3-20 |

നിലവിലുള്ള അംഗനവാടി കെട്ടിടത്തിന് (വാർക്ക) മുകളിൽ ട്രസ്സ് വർക്ക് നടത്തി ഷീറ്റ് മേയുന്നതിനുള്ളതാണ് മേൽ പ്രവൃത്തി. എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ, ഹാൾ നിർമിക്കുന്ന ഒന്നാംനിലയിലേക്ക് കയറുന്നതിനുള്ള കോണി നിർമിക്കുന്നതിനുള്ള ഇനം ഉൾപ്പെടുത്തുകയോ ആയത് നിർവ്വഹിക്കുകയോ ചെയ്തിട്ടില്ല. അപ്രകാരം ചെയ്തിട്ടില്ലെന്ന് 23-7-21 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെടുകയും ചെയ്തു. ആയതിനാൽതന്നെ ഈ പ്രവൃത്തി, അതിന്റെ ലക്ഷ്യം നേടാൻ പര്യാപ്തമല്ല. പ്രവൃത്തിയുടെ ലക്ഷ്യം നേടാൻ പര്യാപ്തമല്ലാത്ത രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അപൂർണ്ണമായ രീതിയിൽ നിർവ്വഹണം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 22/26-7-21 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതും മേൽ പ്രവൃത്തിയുടെ ലക്ഷ്യം നേടാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലിൽ നിന്നും റിടെൻഷൻ കുറവ് ചെയ്യുന്നില്ല

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2020-21 ൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ പാർട്ട് ബില്ലിൽ നിന്നും റിടെൻഷൻ കുറവ് ചെയ്തിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

1) പൂങ്ങോട് ആയുർവേദ ആശുപത്രിക്ക് കമ്മ്യൂണിറ്റി ടോയ്ലറ്റ് 381/21

അടങ്കൽ: 300000 രൂപ (തനത് ഫണ്ട്)

കരാറുകാരൻ: ശ്രീ അക്ബർ

കരാർ: 125/20-21/28-10-20

അളവ് പുസ്തകം: 129/20-21

ചെലവ്: 129445രൂപ (വൗച്ചർ നംപർ 190/20-21/29-3-21: 4335 രൂപ,191/20-21/29-3-21: 125110 രൂപ )

നൽകിയ തുക:

മൂല്യനിർണ്ണയം (Part Bill): 115576 രൂപ

(+) GST Provision 12%: 13869

ആകെ: 129445

(-) IT 0.75%: 867

(-) WF 1%: 1156

(-) CGST 1%: 1156

(-) SGST 1%: 1156

കൺവീനർക്ക്: 125110

2) ചാഴിയോട് സബ്സെന്റർ റിപ്പയർ 161/20, 290/21

അടങ്കൽ: 200000 രൂപ (MGNR)

കരാറുകാരൻ: ശ്രീ അക്ബർ

കരാർ: 62/19-20/6-12-19

അളവ് പുസ്തകം: 116/19-20

ചെലവ്: 92802രൂപ (ബിൽ നംപർ 16/20-21/15-5-20)

നൽകിയ തുക:

മൂല്യനിർണ്ണയം: 82859 രൂപ

(+) GST Provision 12%: 9443

ആകെ: 92802

(-) IT 1 %: 829

(-) WF 1%: 829

(-) CGST 1%: 829

(-) SGST 1%: 829

കൺവീനർക്ക്: 89486

മേൽ പ്രവൃത്തികളുടെ പാർട്ട് ബില്ലിൽ നിന്നും റിടെൻഷൻ കുറവ് ചെയ്യാതെ കരാറുകാർക്ക് മുഴുവൻ തുകയും അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 21/26-7-21 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-27 വ്യക്തിഗത ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് - മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യങ്ങൾ നൽകി

2020-21 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖേന താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

1)വൗച്ചർ നം. 22000868/27.02.2021 – 35,856 രൂപ

ജമീല ഏത്തക്കര,മൂച്ചിക്കൽ എന്നവർക്ക് തൊഴുത്ത് നിർമ്മാണത്തിന് ചെലവഴിച്ച തുക.

2)വൗച്ചർ നം. 22001321/31.03.2021 – 42,367 രൂപ

അബ്ദുൾ അസീസ് വടക്കുംപറമ്പൻ,അടയ്ക്കാകുണ്ട് എന്ന വ്യക്തിക്ക് കോഴിക്കൂട് നിർമ്മാണത്തിന് ചെലവഴിച്ച തുക.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പപദ്ധതി നടത്തിപ്പ് സംബന്ധിച്ച നം.2359/ഇ ജി എസ് എസ് /18/ആർ ഇ ജി എസ് തി.01.07.2019 ഉത്തരവ് പ്രകാരം വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രവൃത്തികൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സോഷ്യോ എക്കണോമിക് കാസ്റ്റ് സെൻസസ് ലെ ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 1 ഖണ്ഡിക 5 പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക,ഉൾപ്പെടാത്ത ഗുണഭോക്താക്കളുടെ വിവരം ഉൾപ്പെടെ ഗ്രാമസഭ മുൻപാകെ സമർപ്പിക്കേണ്ടതും ഗ്രാമസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃപട്ടികയുടെ അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ നൽകേണ്ടത്.

എന്നാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.11.2019 ലെ 1/1 നം തീരുമാന പ്രകാരം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ പദ്ധതി മുഖേന തൊഴുത്ത്,കോഴിക്കൂട് എന്നീ ആസ്തികൾ നിർമ്മിച്ച നൽകുന്നതിനായി അംഗീകാരം നൽകിയ തൊഴുത്ത് നിർമ്മാണത്തിനുള്ള ഗുണഭോക്തൃപട്ടികയിൽ,(84 അംഗപട്ടികയിലെ) 74 -ാംമത്തെ ഗുണഭോക്താവാണ് ജമീല ഏത്തക്കര, കോഴിക്കൂട് നിർമ്മാണത്തിനുള്ള ഗുണഭോകതൃപട്ടികയിലെ 173 പേരിലെ 56-ാംമത്തെ ഗുണഭോക്താവാണ് അബ്ദുൾ അസീസ് വടക്കുംപറമ്പൻ.

മുൻഗണനാക്രമം പാലിക്കാതെ മേൽ ഗുണഭോക്താക്കളെ പ്രഥമമായി തെരഞ്ഞെടുത്ത് ആനുകൂല്യം നൽകിയതിന് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള(നം.23/25.07.2021) മറുപടിയിൽ, തയ്യാറായി വരുന്ന എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുമെന്ന് അറിയിച്ചു. എന്നാൽ പദ്ധതി നടപ്പിലാക്കുവാൻ തയ്യാറായ ,ഗ്രാമസഭ മുഖേന തെരഞ്ഞെടുത്ത അർഹരായ ഗുണഭോക്താക്കളാണ് പട്ടികയിൽ ഉള്ളത്. ആനുകൂല്യം ആവശ്യമില്ലെന്ന് ഒരു ഗുണഭോക്താവും രേഖാമൂലം വ്യക്തമാക്കിയിട്ടുമില്ലാത്ത അവസ്ഥയിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള മുൻഗണനാക്രമം പാലിച്ച കൊണ്ടു മാത്രം ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ഡെപ്പോസിറ്റ് വർക്കുകൾ - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,കേരള വാട്ടർ അതോറിററി, പി എച്ച് ഡിവിഷൻ മലപ്പുറത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയുമായി ഒപ്പുവെച്ച ഉടമ്പടിപത്രം, പൂർത്തീകരണ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്റ്റ് നം./ പ്രവൃത്തിയുടെ പേര് | വിനിയോഗിച്ച തുക | ബിൽനം./തീയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | 289/21,വെള്ളയൂർ തൊടികപ്പുലം മൂന്ന സെൻറ് കോളനിയിലേക്ക് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 6,50,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 03/20-21/11.05.2020 | |
| 2 | 36/21,പള്ളിശ്ശേരി മധുമല റോഡിലൂടെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 4,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 25/20-21/30.01.21 | |
| 3 | 37/21,വെന്തോടംപടി-മുത്തൻകുണ്ട് റോഡിൽ ഷൗക്കത്ത് പടി വരെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 20/20-21/30.01.2021 | |
| 4 | 42/21,പള്ളികളം വളവ് റോഡിലൂടെ ഹസ്സൻമോയിൻപടി വരെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 26/20-21/30.01.2021 | |
| 5 | 391/21, അസൈനാർപടി -കുരുർകുന്ന് റോഡിലൂടെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1,50,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 24/20-21/30.01.2021 | |
| 6 | 392/21,ആമപൊയിൽ വെള്ളച്ചാട്ടംകല്ല് റോഡിലൂടെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 23/20-21/30.01.2021 | |
| 7 | 393/21,പേവുന്തറ-നായക്കൻകുന്ന് ഭാഗത്ത് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 4,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 20/20-21/30.01.2021 | |
| 8 | 402/21,പുറ്റമണ്ണ കക്കംവള്ളി റോഡിലൂടെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 3,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 22/20-21/30.01.2021 | |
| 9 | 401/21,തണ്ട്കോട് മുട്ടിപ്പടി കൈതമണ്ണറോഡിലൂടെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 3,50,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 21/20-21/30.01.2021 | |
| 10 | 422/21,ചാഴിയോട് | 5,00,000 | 31/20- | |

| | | | | |
|---|---|---|---|---|
| | -സ്കൂൾകുന്ന് ഭാഗത്തേക്ക് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 32/30.01.2021 | |
| 11 | 421/21, ചാഴിയോട്-ഈശ്വരൻപടി റോഡിലൂടെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 4,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 32/20-21/30.01.2021 | |
| 12 | 423/21,താളികുഴി ചേരിങ്ങൽ പ്രദേശത്ത് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1,50,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 30/20-21/30.01.2021 | |
| 13 | 424/21,അമ്പലക്കുന്ന് എസ് സി കോളനിയിലേക്ക് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1,50,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 29/20-21/30.01.2021 | |
| 14 | 425/21,പുറ്റമണ്ണ പുറ്റംകുന്ന് ഭാഗത്തേക്ക് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1,50,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 28/20-21/30.01.2021 | |
| 15 | 403/21,ജലജീവൻ മിഷൻ പദ്ധതി | 5,00,000 (പ്ലാൻ-ജനറൽ) | 38/20-21/29.03.2021 | പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ്, റിവൈസിഡ് പ്രോജക്റ്റ് എന്നിവയും ലഭ്യമാക്കേണ്ടതാണ്(12.02.21 ലെ 2/4 നം.ഭരണസമിതി തീരുമാന പ്രകാരം |

വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.5/22.07.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 45,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-29 ചെലവുരേഖകൾ ലഭ്യമാക്കില്ല.

2020-21 വർഷത്തിൽ സെക്രട്ടറി നടത്തിയ താഴെ പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ചെലവിന്റെ വിവരം | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | വൗച്ചർ നം.22000242/06.07.2020 (തനത് ഫണ്ട്)ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോട് നിന്നും വിവിധ ഫോറങ്ങൾ രജിസ്റ്ററുകൾ എന്നിവ വാങ്ങിയത്. | 1,51,213 | സ്റ്റോക്ക്,ഇഷ്യൂ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 2 | വൗച്ചർ നം22000282/30.07.2020 (തനത് ഫണ്ട്) ഏഷ്യൻ മാർക്കറ്റിംഗ് വാഴക്കാട് എന്ന സ്ഥാപനത്തിന് 2019-20 വർഷത്തിലെ പ്രോജക്റ്റ് നം.105/2020 പ്രകാരം തെരുവ് വിളക്ക് റിപ്പയർ പ്രവർത്തിക്കായി സർവ്വീസ് | 12,000 | 2019-2020 വർഷത്തിൽ ഈപ്രകാരം ഒരു പ്രോജക്റ്റ് നടപ്പിലാക്കിയില്ല.നടപ്പിലാക്കാത്ത പ്രോജക്റ്റിന് തുക നൽകിയത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| | വയർ വാങ്ങിയതിന് നൽകിയ തുക.(27.05.2020 ലെ 8/2 നം. ഭരണസമിതി തീരുമാന പ്രകാരം നൽകിയത്) | | | |
| 3 | വൗച്ചർ നം. 22000495/21.10.2020 (തനത് ഫണ്ട്)<br>ചേരിപ്പലം ഭാഗത്ത് റോഡ് കോൺക്രീറ്റ് നടത്തുന്നതിന് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ,വാണിയമ്പലം ഡിവിഷനിൽ അടവാക്കിയ തുക | 18,773 | പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | |
| 4 | വൗച്ചർ നം. 22000566/05.11.2020 (തനത് ഫണ്ട്)<br>പ്രോജക്റ്റ് നം. 412/21 പ്രകാരം സ്ഥാപിച്ച ആറ് മിനിമാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതാനായി കെ എസ് ഇ ബി,കാളികാവ് ഡിവിഷനിൽ അടവാക്കിയ തുക | 51,978 | പ്രോജക്റ്റ് നം. 2/21 പദ്ധതി ആസൂത്രണം,നിർവ്വഹണം, മോണിറ്ററിംഗ് പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി വിഹിതത്തിൽ നിന്നാണ് തുക ചെലവഴിച്ചിട്ടുള്ളത്.പ്രോജക്റ്റിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. | |
| 5 | വൗച്ചർ നം. 22000802/03.02.2021 (തനത് ഫണ്ട്)<br>ഭൂസർവ്വേ നടത്തുന്നതിന് ജില്ലാ ഓഫീസർ ഗ്രൗണ്ട് വാട്ടർ വകുപ്പ് ,മലപ്പുറത്തിന് നൽകിയ തുക. | 6105 | *താഴെ പറയുന്ന പ്രോജക്ടുകളുടെ ഭാഗമായാണ് തുക നൽകിയിട്ടുള്ളത്.<br>I) നം.61/21 പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂനിറ്റിന് കുഴൽ കിണർ നിർമ്മാണവും,മോട്ടോർ ടാങ്ക് സ്ഥാപിക്കലും<br>Ii)നം. 62/21,പൂങ്ങോട് ആയുർവേദ ഹോസ്പിറ്റലിന് കുഴൽ കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും<br>Iii)നം.236/21,മേലേകാളികാവ് അംഗനവാടിക്ക് കുഴൽ കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും<br>ഗ്രൗണ്ട് വാട്ടർ വകുപ്പ് ,മലപ്പുറത്തിൽ നിന്നും ഫീസിബിലിറ്റി സാക്ഷ്യപത്രം ലഭിച്ചതിന്റെയും, മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.<br>*കൂടാതെ,പ്രോജക്റ്റ് നം. 2/21 പദ്ധതി ആസൂത്രണം,നിർവ്വഹണം, മോണിറ്ററിംഗ് പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി വിഹിതത്തിൽ നിന്നാണ് തുക ചെലവഴിച്ചിട്ടുള്ളത്.പ്രോജക്റ്റിന്റെ | |

| | | | |
|---|---|---|---|
| | | | ഉദ്യേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. |
| 6 | വൗച്ചർ നം. 22001284/26.03.2021 (തനത് ഫണ്ട്)<br>സാക്ഷരത പ്രേരക് ശ്രീമതി, കെ രാധക്ക് 2020 ഡിസംബർ,2021 ജനുവരി മാസങ്ങളിലെ വേതനം തനത് ഫണ്ടിൽ നിന്നും നൽകിയത് | 14,700 | തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 7 | പ്രോജക്റ്റ് നം. 412/21 മിനി മാസ്റ്റ് സ്ഥാപിക്കൽ പദ്ധതി<br>വിനിയോഗിച്ച തുക- 614996 (തനത്ഫണ്ട്- വൗച്ചർ നം.22000587/17.11.20)<br>85,000 (പ്ലാൻ ഫണ്ട് - ബിൽ നം. 15/20-21/18.11.2020) | 6,99,996 | ആറ് മിനി മാസ്റ്റുകൾ പുതിയതായി സ്ഥാപിക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.ആയത് സ്റ്റോക്ക് രജിസ്റ്ററിൽ (വാറണ്ടി, സ്പെസിഫിക്കേഷൻ എന്നിവ ഉൾപ്പെടെ)ചേർത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 8 | വൗച്ചർ നം. 22000694/31.12.2020 (തനത് ഫണ്ട്)<br>പ്രോജക്റ്റ് നം. 335/21,പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂനിറ്റിന് ത്രീഫെസ് കണക്ഷൻ നൽകലും വൈദ്യുതീകരണവും പദ്ധതി പ്രകാരം വിനിയോഗിച്ച തുക | 3,66,883 | ത്രീഫെസ് കണക്ഷൻ ലഭ്യമായതിന്റെയും യൂനിറ്റ് പ്രവർത്തന സജ്ജമായതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |

വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.7/22.07.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 13,21,648 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-30 മുഴുവൻ ഉപകരണങ്ങളും ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. 41/2020

പെയിൻ & പാലിയേറ്റീവ് പ്രോഗ്രാം

വിനിയോഗിച്ച തുക – 5,02,427 രൂപ (പ്ലാൻ -ജനറൽ)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (സി എച്ച് സി )

2019-20 വർഷത്തിൽ പെയിൻ & പാലിയേറ്റീവ് പ്രോഗ്രാമിന്റെ ഭാഗമായുള്ള വാഹനവാടക, നെഴ്സിന്റെ ശമ്പളം,ഭക്ഷണ ചെലവുകൾ,ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളത്.

ബിൽ നം.7/19-2020/30.09.19 പ്രകാരം 65,618 രൂപ ഉപകരണങ്ങൾ വാങ്ങാൻ കെ എം എസ് സി എൽ തിരുവനന്തപുരത്തിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത് .

| ഇൻവോയിസ് നം./തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 29656/22.01.21 | 22,867 | |
| 29601/16.01.21 | 6,869 | |
| 36702/22.02.21 | 13,503 | |
| 820/03.05.21 | 17,218 | |
| ആകെ | 60,457 | |

അവശേഷിച്ച 5161 രൂപയുടെ ഉപകരണങ്ങൾ കൂടി ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 12/23.07.21) മറുപടിയിൽ 3856 രൂപയുടെ ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം കൂടി (ഇൻവോയിസ് നം./തീയ്യതി 2267/11.06.21)ലഭ്യമാക്കി. അവശേഷിച്ച 1305 രൂപയുടെ ഉപകരണങ്ങൾ കൂടി ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 ഓൺലൈൻ പഠന സഹായം - ലക്ഷ്യപ്രാപ്തിയിലെത്തിയില്ല.

പ്രോജക്റ്റ് നം. 413/21

ഓൺലൈൻ വിദ്യാസഹായ പദ്ധതി

വിനിയോഗിച്ച തുക – 94,847 രൂപ

വൗച്ചർ നം. 22000612/24.11.2021 (തനത് ഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

ഓൺ ലൈൻ പഠന സൗകര്യം ലഭ്യമല്ലാത്ത കുട്ടികൾക്ക് കെ എസ് എഫ് ഇ യുടെ സഹായത്തോടെ 35 ടി വി വാങ്ങി ഗ്രാമപഞ്ചായത്തിലെ 32 അംഗനവാടികൾ,തണ്ട്കോട് ബദൽ സ്കൂൾ,കാളികാവ് തുല്യതാപഠന കേന്ദ്രം എന്നിവിടങ്ങളിൽ സ്ഥാപിക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.കെ എസ് എഫ് ഇ സഹായത്തിന് പുറമെയുള്ള ബാക്കി തുക ഗ്രാമപഞ്ചായത്ത് വഹിക്കുകയായിരുന്നു.പദ്ധതിക്കായി ആകെ 3,49,405 രൂപവിനിയോഗിച്ചിട്ടുണ്ട്.2,54,558 രൂപ കെ എസ് എഫ് ഇ യും(75% തുക)അവശേഷിച്ച 94,847 രൂപ ഗ്രാമപഞ്ചായത്തും വഹിക്കുകയായിരുന്നു.

ഓൺ ലൈൻ വിദ്യാഭ്യാസത്തിന് മൊബൈൽ ഫോണോ,ടെലിവിഷനോ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനസൗകര്യം ഏർപ്പെടുത്തുക പദ്ധതിയിൽ ജീവനക്കാരുടെ സഹായത്തോടെ കെ എസ് എഫ് ഇ ഇടപെടുന്നതിന്റെ ഭാഗമായി സ.ഉ (സാധാ)നം.1269/2020/ത.സ്വ.ഭ.വ തി.25.06.2020 പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.ഓൺ ലൈൻ വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തുന്നതിന് കണ്ടെത്തുന്ന പഠന കേന്ദ്രങ്ങളിൽ ടി വി വാങ്ങുന്നതിനും ആയത് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി വരുന്ന അധിക ചെലവ് തനത്ഫണ്ടിൽ നിന്നും വഹിക്കുവാൻ മേൽ ഉത്തരവിൽ അനുമതി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 19.08.2020 ലെ 4/1 നം. തീരുമാനപ്രകാരം ബ്രേക്ക് ദ ചെയിൻ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിക്ടേഴ്സ് ചാനൽ വഴിയുള്ള ക്ലാസുകൾ കാണുന്നതിനാണ് ടി. വി കൾ സ്ഥാപിക്കാൻ നടപടിയെടുത്തിട്ടുള്ളത്.കെ എസ് എഫ് ഇ യുടെ മാനദണ്ഡപ്രകാരം,ഏറ്റവും ചുരുങ്ങിയത് അഞ്ച് വിദ്യാർത്ഥികൾ ആ പ്രദേശത്ത് ഉണ്ടായിരിക്കേണ്ടതും(പട്ടിക പ്രകാരം അഞ്ചിലധികം വിദ്യാർത്ഥികൾ എല്ലായിടത്തും ഉണ്ട്) ആവശ്യത്തിന് സന്നദ്ധപ്രവർത്തകർ ഉണ്ടെന്നും തദ്ദേശ ഭരണസ്ഥാപനം നൽകിയ പട്ടിക പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ മേൽ പ്രകാരം ടി. വി നൽകിയ ഒരിടത്തും ഓൺലൈൻ പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു.മരാമത്ത് പ്രവൃത്തികളുടെ സ്ഥലപരിശോധനയുടെ ഭാഗമായി 23.07.2021ന് ഒരു അംഗവാടി സന്ദർശിച്ചതിൽ പ്രവർത്തിദിനത്തിൽ അംഗനവാടി പ്രവർത്തിക്കാത്തതും ഓൺലൈൻ പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന വസ്തുതയും നേരിൽ ബോധ്യപ്പെട്ടു.ടി. വി സ്ഥാപിക്കുക എന്നല്ലാതെ മറ്റൊരു അടിസ്ഥാന സൗകര്യവും ആയത് സ്ഥാപിച്ച് നാളിതുവരെയും ഗ്രാമപഞ്ചായത്ത് ഒരുക്കിയിട്ടില്ല.പിന്നോക്ക മലയോര പ്രദേശമായ കാളികാവിൽ ആവശ്യത്തിന് ഗുണഭോക്താക്കൾ ഉണ്ടെന്ന് ഉറപ്പാക്കിയാണ് കെ എസ് എഫ് ഇ ധനസഹായം അനുവദിച്ചിട്ടുള്ളത് ,ആയത് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി വരുന്ന അധിക ചെലവ് തനത്ഫണ്ടിൽ നിന്നും വഹിക്കുവാൻ മേൽ ഉത്തരവിൽ അനുമതി നൽകിയിട്ടും ഇക്കാര്യത്തിൽ നാളിതുവരെ യാതൊരു ശ്രദ്ധയും നൽകാതിരുന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെയും, വർക്കിംഗ് ഗ്രൂപ്പുകളുടെയും, നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

32 അംഗനവാടികളിൽ ടി. വി നൽകിയിട്ടുണ്ടെങ്കിലും 2020-21 വർഷത്തിൽ ഒരു അംഗനവാടിക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടില്ലായെന്നും,ആയതിന് അപേക്ഷയെന്നും ലഭിച്ചിട്ടില്ലായെന്നും ഈ വസ്തുത ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 13/23.07.2021)മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ഫിറ്റ്നസ് ലഭ്യമാക്കാതെ അംഗനവാടികൾ പ്രവർത്തിക്കുന്നതിനെ പറ്റി 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.ടി.വി കൾ സ്ഥാപിക്കുന്നതിനു മുൻപ് കെട്ടിടങ്ങളുടെ സുരക്ഷക്ക് ഒരു പ്രാധാന്യവും നൽകിയില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്.

ടി കെ ഏജൻസിസ് ,മഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന(എന്നാൽ ടെണ്ടർ വിവരങ്ങൾ ഫയലിൽ ഇല്ല. ആയത് കെ എസ് എഫ് ഇയെ ബോധ്യപ്പെടുത്തിരിക്കും എന്ന് കരുതുന്നു) Impex LED TV -PLATINA 32 S ടി വി യാണ് വാങ്ങി സ്ഥാപിച്ചിട്ടുള്ളത്.35 ടി വി കൾ വാങ്ങിയിട്ടുണ്ടെങ്കിലും 34 ടി വി കൾ സ്ഥാപിച്ചതിന്റെ വിവരമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. അവശേഷിച്ച ഒരു ടി വി സ്ഥാപിച്ചതിന്റെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.7/22.07.2021)മറുപടി ലഭ്യമാക്കിയിട്ടില്ല.ടി.വി ലഭ്യമായത് സ്റ്റോക്കിലെടുത്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.ആയവ ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്റ്റ് നടത്തിപ്പിലെ അപാകത 26.07.2021 ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെയും സെക്രട്ടറിയെയും നേരിൽ ബോധിപ്പിച്ചു.ഓൺലൈൻ പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നിൽ സത്വരനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പദ്ധതിയുടെ തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി - അപാകതകൾ

പ്രോജക്റ്റ് നം. 272/2021

സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പദ്ധതി (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 4,79,299 രൂപ

ബിൽ നം. 2/20-21/11.05.2020- 3,98,999 രൂപ (13 -ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് )

വൗച്ചർ നം.219000346/25.08.2020 – 80,300 രൂപ (തനത്ഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

കാളികാവ് ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെയും പ്രവർത്തന രഹിതമായ സ്ട്രീറ്റ് ലൈറ്റുകൾ ഏഷ്യൻ മാർക്കറ്റിംഗ്,വാഴക്കാട്, മലപ്പുറം എന്ന സ്ഥാപനം സപ്ലേ ചെയ്ത 18 വാട്സ് എൽ ഇ ഡി ബൾബ് മറ്റു സാമഗ്രികൾ എന്നിവ ഉപയോഗിച്ച്,ക്വട്ടേഷൻ മുഖേന തെരഞ്ഞെടുത്ത ഈശ്വരി പി ,തൈവളപ്പിൽ ,നിലമ്പൂർ എന്നിവരുടെ വാഹനം ഉപയോഗിച്ച്,ക്വട്ടേഷൻ മുഖേന തെരഞ്ഞെടുത്ത ശ്രീ.രാജേഷ് പന്നിക്കോട്,മേലേകാളികാവ് എന്നയാൾ മുഖേന റിപ്പയർ ചെയ്യുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവരം ഗ്രാമപഞ്ചായത്തിൽ ഇല്ല.കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ കാളികാവ് അസി.എഞ്ചിനീയറുടെ നം.RB/SL/KKV/2017-18/01(തീയ്യതി വ്യക്തമല്ല)കത്തിൽ പ്രകാരമുള്ള 1001 തെരുവുവിളക്കുകളുടെ വിവരമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാണിയമ്പലം ഇലക്ട്രിക്കൽ ഡിവിഷനു കിഴിൽ വരുന്ന തെരുവുവിളക്കുകൾ കൂടി ഉൾപ്പെട്ടിട്ടുള്ളതാണെങ്കിലും ആയവ സംബന്ധിച്ച് വിവരമില്ല.

കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല(ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011). ഈ പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2)സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി സംബന്ധിച്ച ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011 പ്രകാരം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

I)സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഐ എസ് ഐ മാർക്കുള്ളവയാകണം

Ii)കെ എസ് ഇ ബി നിരക്കിനെക്കാൾ ഉപകരണങ്ങളുടെ തുക അധികരിക്കുവാൻ പാടില്ല.

Iii)കെ എസ് ഇ ബി യുടെ സൂപ്പർ വിഷനിൽ പ്രവർത്തികൾ ചെയ്യണം.

Iv) പദ്ധതി ആരംഭിക്കുന്നതിനു മുൻപ് ആയവ സംബന്ധിച്ച് കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തേണ്ടതാണ്.

എന്നാൽ ആയവ പാലിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) വാണിയമ്പലം, കാളികാവ് കെ എസ് ഇ ബി ഡിവിഷനുകളിൽ ഉൾപ്പെട്ടതാണ് തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നത് സംബന്ധിച്ച് പ്രസ്തുത ഡിവിഷനുകൾക്ക് കത്തു നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല. അനുമതിയും ലഭ്യമായതായി വിവരം ഫയലിൽ ഇല്ല.പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല.കെ എസ് ഇ ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയ ശേഷം മാത്രമേ പ്രവൃത്തി നടത്താവൂ എന്ന് സ.ഉ(സാധാ)നം.3140/2015/തസ്വഭവ തി.16.10.2015 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്.

4) വാർഡ് മെമ്പർമാർ സമർപ്പിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിനും മറ്റുള്ളവർക്കും തുക നൽകിയിട്ടുള്ളത്. ആയത് പ്രകാരം (19x25 = 530)530 എണ്ണം തെരുവ് വിളക്കുകളും, പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തി നൽകിയതിൽ പ്രകാരമുള്ള 55 എണ്ണം തെരുവ് വിളക്കുകളും ഉൾപ്പെടെ ആകെ 585 എണ്ണം വിളക്കുകളാണ് റിപ്പയർ ചെയ്തിട്ടുള്ളത്.(റിപ്പയർ ചെയ്തയാൾക്ക് തുക നൽകിയതും 585 എണ്ണത്തിനാണ്.)എന്നാൽ സ്ഥാപനം സമർപ്പിച്ച ഇൻവോയിസ് പ്രകാരം 598 ( നം. 35/04.03.2020 പ്രകാരം 530 ഉം ,നം. 41/17.03.2020 പ്രകാരം 68 ഉം ) എണ്ണം 18 വാട്സ് എൽ ഇ ഡി തെരുവ് വിളക്കുകളാണ് നൽകിയിട്ടുള്ളത്.3,98,999 രൂപ സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്.അവശേഷിച്ച എട്ട് എണ്ണം 18 വാട്സ് എൽ ഇ ഡി തെരുവ് വിളക്കുകൾ എന്തു ചെയ്തുവെന്ന് വ്യക്തമാക്കേണ്ടതാണ്.

5)22.09.2015ലെ സ.ഉ(സാധാ)നം. 2878/15/തസ്വഭവ പ്രാകാരം ത്രിതല പഞ്ചായത്തുകളിൽ ഇലക്ട്രിക്കൽ പ്രോജക്റ്റുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവക്ക് ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ സേവനം ഉപയോഗിക്കാൻ നിർദ്ദേശമുള്ളതാണ്.എന്നാൽ പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പദ്ധതി മോണിറ്റിംഗ് നടത്തുകയോ ചെയ്തിട്ടില്ല. സ്ഥാപനം സമർപ്പിച്ച വിവരങ്ങൾ അതേപടി അംഗീകരിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്.ഏതിനം തെരുവു വിളക്കുകളാണ് മാറ്റി സ്ഥാപിക്കുന്നത് എന്നതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ക്ഷണിച്ച ടെണ്ടറിലും വ്യക്തമായി പ്രതിപാദിച്ചിട്ടില്ല. ഉപകരണങ്ങളുടെ ക്ഷമത സംബന്ധിച്ചും പരിശോധന നടത്തിയിട്ടില്ല.

6)തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്.(പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/വാർഡ് ,വിവരം നൽകുന്ന ആളിന്റെ പേരും ഫോൺനമ്പർ ,അറ്റകുറ്റപണി നടത്തിയ തീയ്യതി,ഇലക്ട്രീഷ്യന്റെ ഒപ്പ് ,നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ ).ആയതും പാലിച്ചിട്ടില്ല.

7)സ്ഥാപനവുമായി 25.02.2020 ന് ഒപ്പുവെച്ച ഉടമ്പടിയിൽ വാറണ്ടി സംബന്ധിച്ച് വ്യക്തതയില്ല. തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കുന്നതാണ് എന്ന് വ്യക്തമാക്കുന്നുണ്ട് ആയത് എത്രകാലത്തേക്ക് എന്ന് വ്യക്തമല്ല. പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികള് നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ഇതു സംബന്ധിച്ച ഗവ.കത്ത് നം.ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. ആയതും പാലിച്ചിട്ടില്ല.

കെ എസ് ഇ ബിയിൽ നിന്നും പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം ലഭിമാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.10/22.07.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 4,79,299 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-33 മുഴുവൻ മരുന്നുകളും ലഭ്യമായില്ല.

പ്രോജക്റ്റ് നം. 346/2021

പരിരക്ഷ- പെയിൻ & പാലിയേറ്റീവ് പ്രോഗ്രാം (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 2,44,360 രൂപ (പ്ലാൻ -ജനറൽ)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (സി എച്ച് സി )

ബിൽ നം.3/2020-21/18.05.2020

2020-21 വർഷത്തിൽ പരിരക്ഷ- പെയിൻ & പാലിയേറ്റീവ് പ്രോഗ്രാമിന്റെ ഭാഗമായി മേൽ ബിൽ പ്രകാരം 2,10,000 രൂപ മരുന്നുകൾ വാങ്ങാൻ കെ എം എസ് സി എൽ തിരുവനന്തപുരത്തിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ വിവരം മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത് .

| ഇൻവോയിസ് നം./തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 29591/16.01.21 | 18,294 | |
| 2464/22.02.21 | 8,253 | |
| 36705/22.02.21 | 4,026 | |
| 2491/24.02.21 | 4,009 | |
| 36708/22.02.21 | 26,381 | |
| 489/28.04.21 | 5,180 | |
| 91/13.03.21 | 12,435 | |
| 490/28.04.21 | 5,649 | |
| ആകെ | 84,227 | |

അവശേഷിച്ച 1,25,773 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 11/23.07.21) മറുപടിയിൽ 92,271 രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ ചുവടെ ചേർത്ത വിവരം കൂടി ലഭ്യമാക്കി.

| ഇൻവോയിസ് നം./തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 1337/13.05.21 | 18,832 | |
| 1332/13.05.21 | 33,524 | |
| 1336/13.05.21 | 18,574 | |
| 1328/13.07.21 | 21,341 | |
| ആകെ | 92,271 | |

അവശേഷിച്ച 33,502 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-34 ജി എസ് ടി: ടി ഡി എസ് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

സെൻട്രൽ ടാക്സ് നോട്ടിഫിക്കേഷൻ നം.50/2018 തീ.13.09.18 പ്രകാരം,സപ്ലൈ ചെയ്ത സാധനങ്ങളുടെ മൊത്തം മൂല്യം രണ്ടര ലക്ഷം രൂപയിൽ അധികമാകുന്ന പക്ഷം നൽകിയ തുകയുടെ 2% TDS ഈടാക്കി NEFT ആയി സർക്കാറിലേക്ക് അടവാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നോട്ടിഫിക്കേഷന് 01.10.2018 മുതൽ പ്രബല്യമുണ്ടായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. അതിൽ പ്രകാരം ചുവടെ ചേർക്കുന്ന മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖേന നിർവ്വഹിച്ച വിവിധ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്ത കോൺട്രാക്ടർമാരിൽ നിന്നും മെറ്റീരിയർ തുകയുടെ 2% TDS ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വിനിയോഗിച്ച തുക | ഫണ്ട് ട്രാൻസ്ഫർ ഓർഡർ നം./തീയ്യതി | കോൺട്രാക്ടറുടെ വിവരം |
|---|---|---|---|---|
| 1 | അടയ്ക്കാകുണ്ട് വാർഡിൽ(8) എച്ച് എസ് പടി,പട്ടാണി തരിശ്,ചെങ്ങണംകുന്ന് ഭാഗത്തെമണ്ണ്കയ്യാല കല്ല് കയ്യാല തട്ട് തിരിക്കൽ | 42,998 | 423501/04.11.21 | മുഹമ്മദ് ആലുങ്ങൽ മൂച്ചിക്കൽ,അഞ്ചച്ചവിടി (പി ഒ) |
| 2 | ഹിമപ്പടി എസ് ടി കോളനി റോഡ് ഗതാഗതയോഗ്യമാക്കുക | 3,47,468 | 501193/01.02.2020 | |
| 3 | പട്ടാണിതരിശ് എസ് ടി കോളനി റോഡ് പുനരുദ്ധാരണ പ്രവൃത്തി | 2,89,614 | 423514/04.11.21, 22473/13.04.21 | |

| | | | | |
|---|---|---|---|---|
| 4 | മേലേ കാളികാവ് വാർഡിൽ(7)വള്ളിപ്പാടൻ റഷീദ്പടി മുതൽ പാറയ്ക്കൽ ഖാലിദ്പടി വരെ കോൺക്രീറ്റ് ചെയ്യൽ | 2,79,154 | 398861/27.10.2020 | |
| 5 | പാറക്കുളംപാടം റോഡ് കോൺക്രീറ്റ് | 3,38,832 | 398823/27.10.2020 | |
| 6 | അമ്പലക്കടവ് വാർഡിൽ അമ്പക്കടവ് മുക്കാൻ അബ്ദു -പോക്കാവിൽ കുന്ന് റോഡ് മെറ്റീരിയൽസ് ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കുക | 3,00,834 | 463272/18.11.2020 | |
| | ആകെ | 15,98,900 | | അടവാക്കേണ്ട തുക (15,98,900*2/100)31,978 |
| 7 | വാർഡ് 11ൽ മുരിങ്ങാപറമ്പൻപടി മുതൽ പുറ്റാനിക്കാടൻഅസിപടി വരെ റോഡ് നിർമ്മാണം | 1,20,899 | 501222/01.12.2020 | അക്ബർ മാഞ്ചേരി,വെള്ളയൂർ ആക്കംപാർ (പി ഒ) |
| 8 | ഭജനമഠം ഓവ്പാലം റോഡ് നിർമ്മാണം | 1,54,234 | 863912/15.03.2021 | |
| 9 | പുളിയംകല്ല് മൂച്ചിക്കൽ ചെറായിപ്പടി റോഡ് കോൺക്രീറ്റ് ചെയ്യുക | 3,28,798 | 462587/18.11.21<br>943136/27.03.21 | |
| 10 | പേവുന്തറ കെട്ടുങ്ങൽ മാഞ്ചേരി സൈനുദ്ധീൻപടി റോഡ് കോൺക്രീറ്റ് ചെയ്യുക | 1,74,587 | 423482/04.11.2020 | |
| 11 | വള്ളിക്കെട്ട കുഞ്ഞാമുപ്പടി റോഡ് പുനരുദ്ധാരണം മെറ്റീരിയൽസ് ഉപയോഗിച്ച് ചെയ്യുക | 1,77,855 | 462594/18.11.20<br>22350/13.04.20 | |
| 12 | അറബികോളേജ് മുതൽ ആശാരികോളനി വരെയുള്ള റോഡ് വീതി മെറ്റീരിയൽസ് ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കുക | 1,74,012 | 423501/04.11.21 | |
| 13 | വായനശാല കോറികുളം റോഡിൽ വായനശാലക്ക് സമീപം കയറ്റം കുറച്ച് ഗതാഗത യോഗ്യമാക്കുക | 2,32,820 | 462582/18.11.2020 | |
| 14 | കെമ്പൻ അലവിപ്പടി മുതൽ തൃക്കേപ്പറ്റ റോഡുവരെ മെറ്റീരിയൽസ് ഉപയോഗിച്ച് ഇടവഴി നന്നാക്കൽ | 2,04,738 | 955413/29.03.21 | |
| 15 | കപ്പിക്കുന്ന് വയങ്കരഹക്കീം വീട് | 3,66,223 | 398844/27.10.2020 | |

| | | | | |
|---|---|---|---|---|
| | മുതൽ പാലേക്കോടൻ കാഞ്ഞിരപ്പള്ളി അസ്സാബി വീട് വരെ മെറ്റീരിയൽസ് ഉപയോഗിച്ച് റോഡ് നിർമ്മാണം | | | |
| 16 | മേലേകാളികാവ് കരുവത്ത്പടി മുതൽ പൂങ്കുഴിപ്പടി വരെ മെറ്റീരിയൽസ് ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കുക | 2,32,820 | 398799/27.10.2020 | |
| 17 | മുത്തംതണ്ട് താഴെ പന്നിക്കോട്ടുപാടംറോഡ് കോൺക്രീറ്റ് | 2,55,770 | 426395/05.11.2020 | |
| 18 | വാർഡ് 19ലെ പുള്ളിപ്പാടം അരിമ്പ്ര റോഡ് മെറ്റീരിയൽസ് ഉപയോഗിച്ച് പുനരുദ്ധാരണം | 2,32,820 | 398813/27.10.2020 | |
| 19 | അമ്പലക്കുന്ന് ഗ്രൗണ്ടിന് സംരക്ഷണവേലി | 3,07,907 | 853231/12.03.21 | |
| | ആകെ | 29,63,483 | | അടവാക്കേണ്ട തുക (29,63,483*2/100)59,270 |
| 21 | പാറശ്ശേരി വാർഡിലെ കേലംപടി,പറശ്ശേരി മദ്രസ റോഡ് കുന്ന് നിരപ്പാക്കലും കോൺക്രീറ്റ് ചെയ്യലും | 3,49,236 | 798172/01.03.2021 | അനീസ് ബാബു പകടീരി,നീലാഞ്ചേരി,നരിയക്കംപൊയിൽ |
| | ആകെ | 3,49,236 | | അടവാക്കേണ്ട തുക (3,49,236*2/100)6985 |
| 22 | പാമ്പുകടിയൻമുക്ക് - വാഴക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | 3,35,720 | 664684/05.03.21<br>821097/21.01.21 | റംഷാദ് പൂവ്വത്തിങ്ങൽ<br>പി ജി എന്റർപ്രൈസസ് ,തണ്ടുകോട് |
| 24 | കുന്നത് അബു മേക്കലം റോഡ് പുനരുദ്ധാരണം മെറ്റീരിയൽസ് ഉപയോഗിച്ച് ചെയ്യുക | 3,49,171 | 664681/21.01.21<br>820802/21.01.21<br>821102/05.03.21 | |
| | ആകെ | 6,84,891 | | അടവാക്കേണ്ട തുക (6,84,891*2/100)13,698 |
| 25 | അഞ്ചച്ചവിടി കളപ്പാട്ടു മുണ്ട മൺറോഡ് സൈഡ് കെട്ടലും മെറ്റീരിയൽസ് ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കലും | 3,35,917 | 506286/25.03.21<br>927058/02.12.2020 | സുൽഫീക്കർ അലി,പുത്തൻപീടിക<br>അഞ്ചച്ചവിടി (പി ഒ) |
| 26 | അമ്പലക്കടവ് വാർഡിൽ (5)അമ്പലക്കടവ് വടക്കയിൽ റോഡ് മെറ്റീരിയൽസ് ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കലും | 1,34,506 | 508391/03.12.2020 | |
| | ആകെ | 4,70,423 | | അടവാക്കേണ്ട തുക (4,70,423*2/100)9408 |

മേൽ കാണിച്ച പ്രകാരം 1,21,339 രൂപ( 31,978+59,270+6985+13698+9408)മേൽ കോൺട്രാക്ടർമാരിൽ നിന്നും ടി.ഡി.എസ്. ഈടാക്കി അടവാക്കിയിട്ടില്ല. GST ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 24/26.07.2021)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിന ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/Lതസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

1) ചാഴിയോട് AMLPS കമ്മ്യൂണിറ്റി ലാട്രിൻ 65/21

അടങ്കൽ: 723360 രൂപ (CFC ഫണ്ട്)

കൺവീനർ: ശ്രീമതി റഹ്മത്ത് പി, (H M)

കരാർ: 07/20-21/3-7-20

അളവ് പുസ്തകം: 112/20-21

ചെലവ്: 716877രൂപ (ബിൽ നംപർ 181/20-21/29-3-21)

നൽകിയ തുക:

മൂല്യനിർണ്ണയം 640069 രൂപ

(+) GST Provision 12% 76808

ആകെ 716877

(-) IT 0.75% 4801

(-) WF 1% 6401

(-) CGST 1% 6401

(-) SGST 1% 6401

കൺവീനർക്ക്: 692873

നൽകാവുന്ന തുക:

മൂല്യനിർണ്ണയം 640069 രൂപ

(-) OH 5% 32003

ബാക്കി 608066

(+) GST Provision 12% 72968

ആകെ 681034

(-) IT 1.5% 9121

(-) WF 1% 6081

(-) CGST 1% 6081

(-) SGST 1% 6081

കൺവീനർക്ക് നൽകാവുന്ന തുക 653670

കൺവീനർക്ക് നൽകിയ തുക 692873

അധികം നൽകിയ തുക 39203 രൂപ

അധികം നൽകിയ 39203 രൂപ കൺവീനറിൽ നിന്നീടാക്കി അതാത് ഫണ്ടിൽ അടവാക്കേണ്ടതൊണെന്നാവശ്യപ്പെട്ട് നൽകിയ 20/26-7-21 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 39203 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 16.07.2021 മുതൽ 21.07.2021 വരെ | റിപ്പോർട്ട് നമ്പർ |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | ബിൽനം./തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിററി | 289/21,വെള്ളയൂർ തൊടികപ്പുലം മൂന്നു സെൻറ് കോളനിയിലേക്ക് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 03/20-21/11.05.2020 | 6,50,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 6,50,000 |
| 2 | കേരള വാട്ടർ അതോറിററി | 36/21,പള്ളിശ്ശേരി മധുമല റോഡിലൂടെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 25/20-21/30.01.21 | 4,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 4,00,000 |
| 3 | കേരള വാട്ടർ അതോറിററി | 37/21,വെന്തോടംപടി-മുത്തൻകണ്ട് റോഡിൽ ഷൗക്കത്ത് പടി വരെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 20/20-21/30.01.2021 | 1,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 1,00,000 |
| 4 | കേരള വാട്ടർ അതോറിററി | 42/21,പള്ളികുളം വളവ് റോഡിലൂടെ ഹസ്സൻമോയിൻപടി വരെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 26/20-21/30.01.2021 | 1,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 1,00,000 |
| 5 | കേരള വാട്ടർ അതോറിററി | 391/21, അസൈനാർപടി -കരുർകുന്ന് റോഡിലൂടെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 24/20-21/30.01.2021 | 1,50,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 1,50,000 |
| 6 | കേരള വാട്ടർ അതോറിററി | 392/21,ആമപൊയിൽ വെള്ളച്ചാട്ടംകല്ല് റോഡിലൂടെ മധുമല | 23/20-21/30.01.2021 | 2,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്) | - | 2,00,000 |

| | | | | | | |
|---|---|---|---|---|---|---|
| | | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | | | |
| 7 | കേരള വാട്ടർ അതോറിററി | 393/21,പേവുന്തറ-നായക്കൻകുന്ന് ഭാഗത്ത് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 20/20-21/30.01.2021 | 4,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | - | 4,00,000 |
| 8 | കേരള വാട്ടർ അതോറിററി | 402/21,പുറ്റമണ്ണ കക്കംവള്ളി റോഡിലൂടെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 22/20-21/30.01.2021 | 3,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | - | 3,00,000 |
| 9 | കേരള വാട്ടർ അതോറിററി | 401/21,തണ്ട്കോട് മുട്ടിപ്പടി കൈതമണ്ണറോഡിലൂടെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21/20-21/30.01.2021 | 3,50,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | - | 3,50,000 |
| 10 | കേരള വാട്ടർ അതോറിററി | 422/21,ചാഴിയോട് -സ്കൂൾകുന്ന് ഭാഗത്തേക്ക് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 31/20-32/30.01.2021 | 5,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | - | 5,00,000 |
| 11 | കേരള വാട്ടർ അതോറിററി | 421/21, ചാഴിയോട്-ഈശ്വരൻപടി റോഡിലൂടെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 32/20-21/30.01.2021 | 4,00,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | - | 4,00,000 |
| 12 | കേരള വാട്ടർ അതോറിററി | 423/21,താളികുഴി ചേരിങ്ങൽ പ്രദേശത്ത് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 30/20-21/30.01.2021 | 1,50,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | - | 1,50,000 |
| 13 | കേരള വാട്ടർ അതോറിററി | 424/21,അമ്പലക്കുന്ന് എസ് സി കോളനിയിലേക്ക് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 29/20-21/30.01.2021 | 1,50,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | - | 1,50,000 |
| 14 | കേരള വാട്ടർ അതോറിററി | 425/21,പുറ്റമണ്ണ പുറ്റംകുന്ന് ഭാഗത്തേക്ക് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 28/20-21/30.01.2021 | 1,50,000 (പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | - | 1,50,000 |
| 15 | കേരള വാട്ടർ അതോറിററി | 403/21,ജലജീവൻ മിഷൻ പദ്ധതി | 38/20-21/29.03.2021 | 5,00,000 (പ്ലാൻ-ജനറൽ) | - | 5,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത്(മുതൽ /പലിശ ) | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | ലൈഫ് ഭവനപദ്ധതി (KURDFC) | ജി.ഒ. (എം.എസ് )നം. 227/LSGD | 16741747 | 1,52,63,806 | 24,89,296 | 1,27,74,510 |

| | | | | | | |
|---|---|---|---|---|---|---|
| | | തിയതി 18.08.18 | | | | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 12,13,14 | 2004-05 | 10.1.3.1 | റോഡ് പണികൾക്ക് അധിക ചെലവ് | നടപടി തുടരുന്നു |
| 2006-07 | 3(6) | 2009-10 | 2-8 | കെ എസ് ഇ ബി ഡെപ്പോസിറ്റ് | നടപടി തുടരുന്നു |
| 2011-12 2012-13 | 3(1) | 2014-15 | 4-1-5 | നിഷ്ക്രിയ ആസ്തി അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2(4) | 2016-17 | അനുബന്ധം 3 | വസ്തു നികുതി | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2008-09 | 2-2,2-4,2-6 | എൻ.വി.സലീം | LF8581/Spl.Cell/Sc/D1/12/23.07.2014 | 44580 | 34670 രൂപ അടവാക്കി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 11,41,75,186 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,24,13,290 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 39,203 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 63,00,947 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-24 | -- | 39,203 | ശ്രീ. ഷിജുകുമാർ, അസി.എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 45,00,000 | ശ്രീ.അനൂപ് മോഹനൻ ,സെക്രട്ടറി 40,00,000 |
| | | ശ്രീ.അബ്ദുൾഷുക്കൂർ.കെ, സെക്രട്ടറി (ഇൻ- |

| | | |
|---|---|---|
| | | ചാർജ്)-5,00,000 |
| 1-29 | 13,21,648 | ശ്രീ.അനൂപ് മോഹനൻ ,സെക്രട്ടറി -13,06,948<br>ശ്രീ.അബ്ദുൾഷുക്കൂർ,സെക്രട്ടറി (ഇൻ- ചാർജ്)-14,700 |
| 1-32 | 4,79,299 | ശ്രീ.അനൂപ് മോഹനൻ ,സെക്രട്ടറി |
| ആകെ | 63,00,947 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 4,883 | ശ്രീ. ഷിജുകുമാർ, അസി.എഞ്ചിനീയർ (കേന്ദ്ര സർക്കാരിനുള്ള നഷ്ടം) |
| 1-34 | 1,21,339 | ശ്രീ.അനൂപ് മോഹനൻ, സെക്രട്ടറി<br>(60670 -കേന്ദ്ര സർക്കാർ, 60669- സംസ്ഥാന സർക്കാർ) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഷിജു കുമാർ.എസ്.എസ്, ഷിജു സദനം,പായാട്ടുവിള (പി.ഒ), തിരുവനന്തപുരം.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം.6/1522/19 തീയ്യതി 14.10.19 | 14 | |
| 1998-99 (പ്ലാൻ) | " | 3 | |
| 1998-99 ചെലവ് | " | 4 | |
| 1999-00 | " | 10 | |
| 2000-01 | കെ.എസ്.എ.എം.പി.എം.6/1340/19 തീയ്യതി 14.10.19 | 2 | |
| 2001-02 | " | 2 | |
| 2002-03 | " | 6 | |
| 2003-04 | " | 20 | |
| 2004-05 | " | 2 | |
| 2005-06 | " | 4 | |
| 2006-07 | " | 14 | |
| 2007-08 | " | 6 | |
| 2008-09 | " | 17 | |
| 2009-10,10-11 | " | 13 | |
| 2011-12 | കെ.എസ്.എ.എം.പി.എം.6/2735/19 | 11 | |

| | | | |
|---|---|---|---|
| 2012-13 | തീയ്യതി 17.08.20 | | |
| 2013-14<br>2014-15 | " | 8 | |
| 2015-16 | " | 4 | |
| 2016-17 | " | 11 | |
| 2017-18 | " | 5 | |
| 2018-19 | കെ.എസ്.എ.എം.പി.എം.6/1813/20<br>തീയതി 07-12-20 | 11 | |

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്